പരിസ്ഥിതിയും ആരോഗ്യവും

# കീടനാശിനികളും കുട്ടികളുടെ ആരോഗ്യവും

**എസ്. ഉഷ**

നരവംശശാസ്ത്രജ്ഞയായ ഡോ. എലിസബത്ത് ഗില്ലറ്റ് മെക്സിക്കോയിലെ യാക്വി താഴ്‌വാരത്തിലെത്തിയത് ക്യാൻസറിനെ കുറിച്ച് പഠിക്കാനായിരുന്നു. അവിടെയുള്ള സ്ത്രീകളോടും ഡോക്ടർമാരോടുമെല്ലാം സംസാരിച്ചു കഴിഞ്ഞപ്പോൾ എലിസബത്ത് മറ്റൊരു തീരുമാനത്തിലാണെത്തിയത്.

ഹരിത വിപ്ലവം ആഘോഷപൂർവ്വം കൊണ്ടാടിയ കാർഷിക മേഖലയാണീ താഴ്‌വാരം. കുറേ പേർക്ക് സാമ്പത്തിക ഉന്നതി ഉണ്ടായി. എന്നാൽ അടുത്ത തലമുറ ജനിച്ചുവളർന്നപ്പോൾ എന്തൊക്കെയോ വിപത്തുകളുടെ സൂചന ജനങ്ങൾക്കു കിട്ടി. ഹരിതവിപ്ലവത്തിന്റെ പ്രത്യാഘാതങ്ങൾ കുട്ടികളുടെ രൂപത്തേയും കഴിവുകളേയും ബാധിച്ചതായി സംശയമുദിച്ചു.

ഡോ. എലിസബത്തിന്റെ പഠനം കീടനാശിനി ഉപയോഗിച്ചതും ഉപയോഗിക്കാത്തതുമായ സ്ഥലങ്ങളിലുള്ള കുട്ടികളെ കേന്ദ്രീകരിച്ചായിരുന്നു. പ്രീപ്രൈമറി വിദ്യാർത്ഥികളായ കുട്ടികൾക്ക് കളിക്കാനും ചിത്രം വരയ്ക്കാനും ഓർമ്മിക്കാനുമൊക്കെയുള്ള കഴിവുകളെ ആസ്പദമാക്കിയായിരുന്നു പഠനം. കീടനാശിനി ബാധിച്ച പ്രദേശങ്ങളിലെ കുട്ടികളിൽ മാനസികവും ശാരീരികവുമായ കഴിവ് കുറവാണെന്ന് ഈ പഠനം തെളിയിച്ചു. ഒടുവിൽ ശാസ്ത്രജ്ഞർക്കും തീരുമാനങ്ങളെടുക്കുന്നവർക്കും രാസകീടനാശിനികൾക്ക് ഇത്തരം പ്രത്യാഘാതങ്ങൾ കൊച്ചുകുട്ടികളിൽ ഉണ്ടാക്കാൻ കഴിയുമെന്ന് സമ്മതിക്കേണ്ടിവന്നു. കീടനാശിനി ഉപയോഗിക്കുന്ന അച്ഛൻമാരിൽ നിന്നും ഗർഭിണിയായിരുന്ന സമയത്ത് കീടനാശിനിയുമായി സമ്പർക്കത്തിൽ വന്ന അമ്മമാരിൽ നിന്നും പാരമ്പര്യമായി കൈമാറിക്കിട്ടിയതായിരുന്നു പല കുട്ടികളുടേയും വൈകല്യങ്ങൾ.



കേരളത്തിലെ ശിശുമരണനിരക്ക് കുറഞ്ഞിട്ടുണ്ടെങ്കിലും മനുഷ്യർക്ക് പൊതുവേ രോഗാതുരത കൂടിയിരിക്കുകയാണെന്ന് ആരോഗ്യവിദഗ്ധർ പറയുന്നു. കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ 20 ശതമാനത്തിനും പഠനവൈകല്ല്യങ്ങളുണ്ടെന്ന് മറ്റൊരു പഠനം കാണിക്കുന്നു. രോഗപ്രതിരോധശേഷി കുറവും ഹോർമോൺ വ്യതിയാനങ്ങളും വൈകല്ല്യങ്ങളും കുട്ടികളെ ഏറെ ബുദ്ധിമുട്ടിക്കുന്നതായി അച്ഛനമ്മമാരും ഡോക്ടർമാരും ആരോഗ്യസെമിനാറുകളും ചൂണ്ടിക്കാണിക്കുന്നു.

## എന്തുകൊണ്ട് ഇങ്ങനെ?

ഈ അടുത്ത കാലത്ത് വയനാട്ടിലെ ഒരു അപ്പർ പ്രൈമറി സ്കൂളിലെ കുട്ടികൾ അനുഭവിച്ച കീടനാശിനി വിഷബാധ ത്തിലാകുകയും മറുവശത്ത് ഇത്തരം രാസവസ്തുക്കളുടെ ഉപയോഗം കൂടിവരികയും കൃഷിക്കാർ ആത്മഹത്യയിലേക്കെത്തുകയും ചെയ്യുന്ന ഒരു അവസ്ഥയാണുള്ളത്. ഇതിനിടയിൽ നാം കുട്ടികളെ മറക്കുന്നു. നമ്മുടെ മനസ്സാക്ഷിയെ പിടിച്ചുകുലുക്കിയ കാസർഗോഡ് ജില്ലയിലെ കുഞ്ഞുങ്ങളുടെ ചിത്രങ്ങൾ കുറേ പേരുടെ മനസ്സിലെങ്കിലും മായാതെ കിടപ്പുണ്ട്. എന്നാൽ വയനാട്ടിൽ ആഹ്ലാദതിമർപ്പോടെ സ്കൂളിലെത്തിയ കുട്ടികൾ മരണത്തിൽ നിന്ന്

> കീടനാശിനി എന്തെന്നറിയാത്ത ഒന്നരവയസ്സുകാരൻ ഫോറേറ്റ് വായിലിട്ട് ജീവൻ വെടിഞ്ഞ് അമ്മയുടെ തെറ്റുകൊണ്ടാണോ? 15 വയസ്സുകാരൻ ഫോറേറ്റ് ശ്വസിച്ച് ഏലത്തോട്ടത്തിൽ മരിച്ചു വീണത് കുട്ടിയുടെ ആരോഗ്യക്കുറവു കൊണ്ടാണോ? 16 ഉം 18 ഉം വയസ്സുള്ള പെൺകുട്ടികൾ കശുവണ്ടി ഫാക്ടറിയിൽ കീടനാശിനി ശ്വസിച്ച് കുഴഞ്ഞു വീണത് ഭയം കൊണ്ടാണോ?

കഷ്ടിച്ച് രക്ഷപ്പെടുകയായിരുന്നു. വാഴകൃഷിക്കാരന് ഫോറേറ്റോ മറ്റേതെങ്കിലും കീടനാശിനിയോ ഉപയോഗിക്കാൻ നിയമം അനുവദിക്കുന്നുണ്ട്. അപ്പോൾ അടുത്തുള്ള സ്കൂളിലെ കുട്ടികൾക്ക് പ്രശ്നമുണ്ടായത് കൃഷിക്കാരന്റെ കുറ്റമാണോ? അതോ കുട്ടികളുടേയോ? കീടനാശിനി എന്തെന്നറിയാത്ത ഒന്നരവയസ്സുകാരൻ ഫോറേറ്റ് എടുത്ത് വായിലിട്ട് ജീവൻ വെടിഞ്ഞ് അമ്മയുടെ തെറ്റുകൊണ്ടാണോ? 15 വയസ്സുകാരൻ ഫോറേറ്റ് ശ്വസിച്ച് ഏലത്തോട്ടത്തിൽ മരിച്ചുവീണത് കുട്ടിയുടെ ആരോഗ്യക്കുറവുകൊണ്ടാണോ? 16 ഉം 18 ഉം വയസ്സുള്ള ചെറുപ്പക്കാരി പെൺകുട്ടികൾ കശുവണ്ടി ഫാക്ടറിയിൽ കീടനാശിനി ശ്വസിച്ച് കുഴഞ്ഞുവീണത് ഭയം കൊണ്ടാ

ണോ? അമ്മയുടെ തെറ്റായും ആരോഗ്യക്കുറവായും ഭയമായും ഒക്കെ കാരണങ്ങൾ നിരത്താനാണ് രാസകീടനാശിനികളെ വിശ്വസിക്കുന്നവരുടേയും അതിൽനിന്ന് ലാഭം കൊയ്യുന്നവരുടേയും ഒക്കെ ശ്രമം.

കുട്ടികൾക്ക് വളരാൻ ശുദ്ധമായ, മാലിന്യങ്ങളും മാരക വിഷവസ്തുക്കളും ഇല്ലാത്ത ഒരു ലോകം ഉണ്ടാക്കണമെന്നാണ് അന്താരാഷ്ട്ര വികസന ചർച്ചകളും ആഗോള ഉടമ്പടികളും മുന്നോട്ടു വയ്ക്കുന്നത്. ഇതെങ്ങിനെയാണ് ഉണ്ടാവുക? ഒരു വ്യക്തിക്ക് എന്ത് ചെയ്യാൻ കഴിയും? നമ്മളെപ്പോഴും ചോദിക്കുന്ന ചോദ്യമിതാണ്. തൊട്ടടുത്ത കൃഷിഭൂമിയിൽ ഒരാൾ കീടനാശിനി തളിക്കുമ്പോൾ അതു സഹിച്ചിരിക്കുമ്പോൾ നിയമം നമ്മുടെ സംരക്ഷണത്തിനെത്തുമോ? അങ്ങിനെയൊരു നിയമം ഇവിടെ ഉണ്ടോ? അതെന്താണ്? എന്റെ അവകാശത്തിനുപരി കൃഷിക്കാരന്റെ അവകാശത്തിനുപരി ഈ ഭൂമിയിൽ കുട്ടികളുടെ അവകാശമെന്താണ്? നിയമം സ്വയം പൊട്ടിമുളച്ച് വരുന്നതാണോ? പ്രതികരണത്തിന് നിയമതടസ്സമുണ്ടോ? സഹികെട്ടാൽ എഴുന്നേറ്റോടുക സാദ്ധ്യമാണോ? അത് ശരിയാണോ?

ചിതലിനെതിരെ വീട് വയ്ക്കുമ്പോൾ തന്നെ ക്ലോർപൈറിഫോസും ലിൻഡേനും. കൊതുകിനെതിരെ മാലതയോണും ഡി. ഡി. റ്റിയും അല്ലതിന്നും. പാറ്റയ്ക്കെതിരെ ഹിറ്റും ബായ്ഗോണും. പൂന്തോട്ടത്തിൽ കുമിൾനാശിനികൾ, ആഹാരത്തിൽ മോണോക്രോട്ടോഫോസും എൻഡോസൾഫാനും ക്വിനാൽഫോസും (അനുവദനീയ പരിധിക്കുള്ളിലാണ് അവശിഷ്ടമത്രേ) പാലിൽ ഡി. ഡി. റ്റിയും ബി. എച്ച്. സിയും, മുലപ്പാലിൽ വരെ. ഇതിനിടയിലാണ് കുട്ടികളുടെ വളർച്ചയും കളികളും. കുട്ടികളുടെ രക്തപരിശോധന ആരും നടത്താറില്ല. (കാസർഗോഡ് നടത്തിയ പഠനത്തിൽ കീടനാശിനി തളിച്ചുകഴിഞ്ഞ് 10 മാസത്തിനു ശേഷം പോലും കുട്ടികളുടെ രക്തത്തിൽ എൻഡോസൾഫാൻ കണ്ടെത്തി. എല്ലാ കുട്ടികളും മാനസികമോ ശാരീരികമോ ആയ ആരോഗ്യത്തകരാറോടുകൂടിയവർ) കീടനാശിനികളുടെ അനുവദനീയമായ അളവെന്നത് കുട്ടികളെ ആധാരമാക്കിയല്ല തീരുമാനിക്കുന്നത് ആരോഗ്യവാനും ചെറുപ്പക്കാരനുമായ പുരുഷനാണ് മാനദണ്ഡം. എത്ര ചെറിയ ഒരു അളവും കുട്ടികളെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്. കാരണം അവർ വളരുന്ന സമയമാണ്. അവരുടെ പ്രതിരോധശേഷി ഇല്ലാതാക്കാൻ, ശാരീരിക പ്രവർത്തനങ്ങളെ തകരാറിലാക്കാൻ വളരുന്ന പ്രായത്തിലെ ഒരു തുള്ളി കീടനാശിനിക്കാകും. അപ്പോൾ തുടർച്ചയായുള്ള വിഷബാധയോ?

ഇന്ന് കുട്ടികൾക്ക് രോഗമൊഴിഞ്ഞ നേരമില്ല. ചുമ ശ്വാസം മുട്ടൽ, അലർജികൾ, ത്വക്ക് രോഗങ്ങൾ എന്നിവ ജീവിതത്തിന്റെ ഭാഗമായി കരുതുന്നതിലേക്കും മരുന്നൊഴിയാത്ത ദിവസങ്ങളിലേക്കും കുട്ടികൾ എത്തിയിരിക്കുന്നു. നല്ല വായുവും വെള്ളവും മണ്ണും അവർക്ക് ചരിത്രസ്മരണകൾ മാത്രം. സ്വന്തം കാര്യങ്ങൾ പോലും ചിന്തിക്കാനോ പ്രാവർത്തികമാക്കാനോ പറ്റാത്ത തലമുറകളെ ഉണ്ടാക്കാനാണോ നമ്മളിത്ര പാടുപെടുന്നു? നാളെ ഈ കുട്ടികളെങ്ങിനെയാണ് ഒരു സമൂഹത്തിന്റെ ഭാഗമാവുക? വീടുകൾക്കും സമൂഹത്തിനും ഭാരമാകുമ്പോൾ കുട്ടികൾ ആരോടാണ് ഒന്ന് ചോദിക്കുക? എന്താണവർ ചോദിക്കുക?

*അനൽ, L-14, ജവഹർ നഗർ, തിരുവനന്തപുരം*


## ആയുർവേദ ചികിത്സകൾക്കും ഔഷധങ്ങൾക്കും മഞ്ചേരിയിലെ വിശ്വസ്ത സ്ഥാപനം

PH:767319
767317

# വല്ലാഞ്ചിറ ആയുർവേദ ഫാർമസി & ആയുർക്ലിനിക്

പുതിയ ബസ്സ്റ്റാന്റിന് മുൻവശം, പാണ്ടിക്കാട് റോഡ്, മഞ്ചേരി

**ഡോക്ടർമാർ**

1. ഡോ. പി. കെ. അബ്ദുർറഊഫ് (BAMS-DAC)
   ഞായറാഴ്ച കാലത്ത് 10 മണി മുതൽ ഉച്ചയ്ക്ക് 1.30 വരെ
2. ഡോ. പ്രിൻസി ആന്റോ BAMS (ലേഡി ഡോക്ടർ)
   തിങ്കൾ–വ്യാഴം ഉച്ചയ്ക്ക് 2.30 മുതൽ വൈകുന്നേരം 5.30 വരെ
3. വൈദ്യൻ വി. അബ്ദുല്ലാ ഹസ്സൻ
   (s/o വി.എ. മുഹമ്മദ് വൈദ്യർ)
   കാലത്ത് 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ
4. ഡോ. ശുഭ. പി (BAMS)
   ബുധൻ ഉച്ചയ്ക്ക് 2.30 മുതൽ വൈകുന്നേരം 5.30 വരെ